**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3890** **17-03-2025 - ൽ മറുപടിയ്ക്ക്**

**സബ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 07.06.2024 തീയതി നിലവിൽ വന്ന കാറ്റഗറി നം.669/2022 സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് റാങ്ക് ലിസ്റ്റ്, കാറ്റഗറി നം.672/2022 ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ് എന്നീ ലിസ്റ്റുകളിൽ നിന്നും നിയമനത്തിനായി ഇതുവരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തുവെന്ന് വ്യക്തമാക്കുമോ; | (എ) | കാറ്റഗറി നം. 669/2022 സബ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിലേയ്ക്ക് 53 ഫ്രഷ് ഒഴിവുകളും 19 എൻ.ജെ.ഡി ഒഴിവുകളും ഉൾപ്പെടെ ആകെ 72 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>\|കാറ്റഗറി നം. 672/2022 ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിൽ നിന്നും ഒരു ഫ്രഷ് ഒഴിവും 5 എൻ.ജെ.ഡി ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റുകൾ നിലവിൽ വന്ന് എട്ട് മാസമായിട്ടും ഇവയിൽ നിന്നുമുള്ള ഒരു ബാച്ച് ഉദ്യോഗാർത്ഥികൾക്ക് പോലും ട്രെയിനിംഗ് ആരംഭിക്കാത്തത് എന്തുകൊണ്ടാണെതെന്ന് വിശദമാക്കുമോ; | (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും ആദ്യ ബാച്ച് പരിശീലനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 71 പേരുടെ അഡ്വൈസ് ലഭിച്ചിട്ടുള്ളതും ആയതിൽ 35 പേരുടെ മെഡിക്കൽ പരിശോധന, പോലീസ് വെരിഫിക്കേഷൻ എന്നിവ നടത്തിയിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത കാലയളവിലുണ്ടായ പ്രൊമോഷൻ/ ഡെപ്യൂട്ടേഷൻ ഒഴിവുകളൊന്നും തന്നെ ഇതുവരെയും റിപ്പോർട്ട് ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (സി) | ഒരു ആംഡ് പോലീസ് സബ് ഇൻസ്പെക്ടറിന് ആംഡ് പോലീസ് ഇൻസ്പെക്ടറായി സ്ഥാനക്കയറ്റം ലഭിച്ചതിലൂടെയുള്ള ഒഴിവ് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് ഒഴിവുകൾ നിലവിൽ വന്നിട്ടില്ല. ഡയറക്ട് സബ്ഇൻസ്പെക്ടർ തസ്തികയിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കാണ് ടി തസ്തികയിലെ ഒഴിവുകൾ പി.എസ്.സി യിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത്. പ്രമോഷൻ /ഡെപ്യൂട്ടേഷൻ എന്നിവ മൂലം ഡയറക്ട് സബ് ഇൻസ്പെക്ടർ തസ്തികയിലുള്ള ലഭ്യമായ എല്ലാ ഒഴിവുകളും പി.എസ്.സി യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പ്രമോഷൻ / ഡെപ്യൂട്ടേഷൻ എന്നിവ മൂലം സബ് ഇൻസ്പെക്ടർ തസ്തികയിൽ ഇനി ഉണ്ടാകുന്ന ഒഴിവുകളും പി.എസ്.സി യിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഉത്തരവ് നം. ഉപ.സി.3/200/2024/പി&എ.ആർ.ഡി തീയതി 09.12.2024 പ്രകാരം, ഉദ്യോഗസ്ഥ | (ഡി) | സബ് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ നേരിട്ടുള്ള നിയമനം, പ്രൊമോഷൻ 1:1 എന്ന |

| | | | |
|---|---|---|---|
| | ഭരണപരിഷ്കാര വകുപ്പ് 2025 കലണ്ടർ വർഷത്തിൽ സർക്കാർ വകുപ്പുകളിൽ വിവിധ തസ്തികകളിൽ വരാൻ പോകുന്ന ഒഴിവുകൾ മുൻകൂട്ടി 25.12.2024 തീയതിയ്ക്ക് മുൻപ് പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യണം എന്ന ഉത്തരവിറക്കിയിരുന്നിട്ടും എന്തുകൊണ്ടാണ് സബ് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകളൊന്നും ഇതുവരെയും പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യാതിരുന്നത്; വിശദമാക്കാമോ? | | അനുപാതത്തിലാണ് നികത്തപ്പെടുന്നത്. 12 മാസത്തെ അടിസ്ഥാന പരിശീലനവും 10മാസത്തെ പ്രായോഗിക പരിശീലനവും ആവശ്യമായ മറ്റു തസ്തികയിൽ പരിശീലനകാലത്തേയ്ക്ക് താൽക്കാലിക പരിശീലന തസ്തികകൾ സൃഷ്ടിച്ചുള്ള നിയമന രീതി അവലംബിച്ചിട്ടില്ല. ഡയറക്ട് സബ് ഇൻസ്പെക്ടർ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ